ഉത്തരം

(എ-ഡി) പ്രസ്തുത സർക്കാർ ഉത്തരവ് കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

**സീനിയർ സൂപ്രണ്ട് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

**24 (4632)** ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ സീനിയർ സൂപ്രണ്ട് റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേരെ നിയമിച്ചു ;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി എന്നു വരെയാണ് ഉള്ളത് ;

(സി) ഈ റാങ്ക് ലിസ്റ്റിൽ എസ്. ടി. റാങ്ക് ലിസ്റ്റിൽ റാങ്ക് നമ്പർ 4-ാംമത് ഉള്ള ഷേർളി ജോണിന് എന്നത്തേക്ക് നിയമനം കൊടുക്കാൻ സാധിക്കുമെന്ന് പറയുമോ ?

ഉത്തരം

(എ) അഞ്ചു പേരെ ഇതുവരെ നിയമിച്ചിട്ടുണ്ട്.

(ബി) 19-6-2003 വരെ.

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമിക്കുന്നതിന് സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവുകളൊന്നും ഇല്ല.

**ഇലക്ട്രിസിറ്റി ബോർഡിലെ സ്ഥലം മാറ്റങ്ങൾ**

**25 (4633)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് മുതൽ ഇലക്ട്രിസിറ്റി ബോർഡിൽ എത്ര സ്ഥലമാറ്റ ഉത്തരവുകൾ നടത്തിയിട്ടുണ്ട് ;

(ബി) നോംസ് തെറ്റിച്ച് എത്ര പേരെ സ്ഥലം മാറ്റിയിട്ടുണ്ട് ; അവർ ആരെല്ലാം ; എന്തു കാരണത്താലാണ് ഇവരെ സ്ഥലം മാറ്റിയത് ;

(സി) പ്രസ്തുത സ്ഥലംമാറ്റ ഉത്തരവുകളിൽ നിന്നും എത്ര പേരുടെ സ്ഥലമാറ്റം കാൻസൽ ചെയ്തിട്ടുണ്ട്; എന്തു കാരണങ്ങളാലാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ട്രാൻസ്ഫർ ഓർഡറിൽ നിന്നും കാൻസൽ ചെയ്തവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഇ) ട്രാൻസ്ഫറിലെ അവിഹിത ഇടപെടലുകൾ ആരോപിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്രപേർ കോടതിയെ സമീപിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 193 എണ്ണം

(ബി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ഡ്രൈവർമാരുടെ നിയമനത്തിന് നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ്**

**26 (4634)** ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യിലേയ്ക്ക് ഡ്രൈവർമാരുടെ നിയമനത്തിനായി പി. എസ്. സി. യുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ എത്ര ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 185 പേർക്ക് ഈ ലിസ്റ്റിൽ നിന്നും നോഷണൽ നിയമനം നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഒഴിവുകളില്ല.

(ഡി) പ്രസക്തമല്ല.

**വൈദ്യുതി ലൈനുകളിൽ ഉപയോഗിച്ചിരിക്കുന്ന തേക്കിൻ കഴകൾ മാറ്റി സ്ഥാപിക്കുന്നതിന് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ**

**27 (4635)** ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ലൈനുകളിൽ ഉപയോഗിച്ചിരുന്ന തേക്കിൻ കഴകൾ കാലപ്പഴക്കം കൊണ്ടും മറ്റു കാരണങ്ങളാലും ദുർബലമായവ കണ്ടുപിടിച്ച് മാറ്റി സ്ഥാപിക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ ആരാണ് ഈ ചുമതല നിർവ്വഹിക്കാൻ ബാദ്ധ്യതപ്പെട്ടവർ, എത്ര തേക്കിൻ കഴകൾ മാറ്റി സ്ഥാപിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly